# പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന് രൂപതയെയും ഓസ്ട്രേലിയാ രാജ്യത്തെയും പ്രതിഷ്ഠിക്കുന്ന കർമ്മക്രമം

## ഓസ്ട്രേലിയയുടെ സ്വർഗീയമദ്ധ്യസ്ഥ ക്രിസ്ത്യാനികളുടെ സഹായമായ മാതാവിന്റെ തിരുന്നാൾ 2020 മെയ് 24 (ഞായർ)

വിശുദ്ധ കുർബാനക്കുശേഷം

**കാർമ്മികൻ :** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി

**ജനം :** ആമ്മേൻ

**കാർമ്മികൻ :** ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും എന്നേക്കും.

**ജനം :** ആമ്മേൻ

**കാർമ്മികനും ജനവും :** സ്വർഗസ്ഥനായ പിതാവേ........

(തുടർന്ന് മാതാവിന്റെ ലുത്തിനിയ പാടുന്നു.)

കർത്താവേ, കനിയണമേ
മിശിഹായേ, കനിയണമേ
കർത്താവേ, ഞങ്ങളണയ്ക്കും
പ്രാർത്ഥന സദയം കേൾക്കണമേ.

സ്വർഗ്ഗപിതാവാം സകലേശാ
ദിവ്യാനുഗ്രഹമേകണമേ
നരരക്ഷകനാം മിശിഹായേ
ദിവ്യാനുഗ്രഹമേകണമേ.

ദൈവാത്മാവാം സകലേശാ
ദിവ്യാനുഗ്രഹമേകണമേ
പരിപാവനമാം ത്രീത്വമേ
ദിവ്യാനുഗ്രഹമേകണമേ.

കന്യാമേരീ, വിമലാംബേ,
ദൈവകുമാരനു മാതാവേ
രക്ഷകനൂഴിയിലംബികയേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

നിതരാം നിർമ്മല മാതാവേ
കറയില്ലാത്തൊരു കന്യകയേ
നേർവഴികാട്ടും ദീപശിഖേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

നിത്യമഹോന്നത കന്യകയേ
വിവേകമതിയാം കന്യകയേ
വിശ്രുതയാം സുരകന്യകയേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

വിശ്വാസത്തിൻ നിറകുടമേ
കാരുണ്യത്തിൻ നിലയനമേ
നീതി വിളങ്ങും ദർപ്പണമേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

വിജ്ഞാനത്തിൻ വേദികയേ
മാനവനുത്സവദായികയേ
ദൈവികമാം പനിനീർസുമമേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

ദാവീദിൻ തിരുഗോപുരമേ
നിർമ്മല ദന്തഗോപുരമേ
പൊന്നിൻ പൂമണിമന്ദിരമേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

വാഗ്ദാനത്തിൻ പേടകമേ
സ്വർല്ലോകത്തിൻ ദ്വാരകമേ
പുലർകാലത്തിൻ താരകമേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

രോഗമിയന്നവനാരോഗ്യം
പകരും കരുണാസാഗരമേ
പാപിക്കവനയിലാശ്രയമേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

കേഴുന്നോർക്കു നിരന്തരമായ്
സാന്ത്വനമരുളും മാതാവേ
ക്രിസ്തുജനത്തിൻ പാലികയേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

വാനവനിരയുടെ രാജ്ഞീ
ബാവാന്മാരുടെ രാജ്ഞീ
ശ്ലീഹന്മാരുടെ രാജ്ഞീ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

കന്യകമാരുടെ രാജ്ഞീ
വന്ദകനിരയുടെ രാജ്ഞീ
രക്താങ്കിതരുടെ രാജ്ഞീ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

സിദ്ധന്മാരുടെ രാജ്ഞീ
ഭാരതസഭയുടെ രാജ്ഞീ
അമലോദ്ഭവയാം രാജ്ഞീ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

ശാന്തി ജഗത്തിനു നൽകും
നിത്യവിരാജിതരാജ്ഞീ,
സ്വർഗ്ഗാരോപിതരാജ്ഞീ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

ലോകത്തിൻ പാപങ്ങൾ താങ്ങും
ദൈവത്തിൻ മേഷമേ, നാഥാ,
പാപം പൊറുക്കേണമേ.

ലോകത്തിൻ പാപങ്ങൾ താങ്ങും
ദൈവത്തിൻ മേഷമേ, നാഥാ,
പ്രാർത്ഥന കേൾക്കേണമേ.

ലോകത്തിൻ പാപങ്ങൾ താങ്ങും
ദൈവത്തിൻ മേഷമേ, നാഥാ,
ഞങ്ങളിൽക്കനിയേണമേ.

## ദൈവമാതാവായ പരിശുദ്ധ കന്യകാ മറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠാജപം

(കാർമ്മികൻ ചൊല്ലിത്തരുന്നത് ജനം ഏറ്റുചൊല്ലുന്നു.)

മനുഷ്യവംശത്തിന്റെ ആശ്രയവും/ ക്രിസ്ത്യാനികളുടെ സഹായവും/ ഓസ്ട്രേലിയ രാജ്യത്തിന്റെയും/ ഞങ്ങളുടെ രൂപതയുടെയും/ സ്വർഗീയമദ്ധ്യസ്ഥയുമായ/ ദൈവമാതാവായ പരിശുദ്ധ അമ്മേ!/ ഞങ്ങളെ ഓരോരുത്തരെയും/ ഞങ്ങളുടെ കുടുംബത്തെയും/ ഞങ്ങളുടെ രൂപതയെയും/ ഓസ്ട്രേലിയ രാജ്യത്തെയും/ അങ്ങയുടെ വിമലഹൃദയത്തിനു/ ഞങ്ങൾ പ്രതിഷ്ഠിക്കുന്നു./

സഭയിലും ലോകത്തിലും/ സ്നേഹവും സന്തോഷവും സമാധാനവും നിലനില്ക്കാൻ/ അങ്ങയുടെ പുത്രനും/ ഞങ്ങളുടെ കർത്താവുമായ/ ഈശോമിശിഹായുടെ പക്കൽ/ മാദ്ധ്യസ്ഥ്യം വഹിക്കണമേ./ ലോകജനതയെ ഗ്രസിച്ചിരിക്കുന്ന/ കൊറോണ അണുബാധയിൽ നിന്ന്/ വിടുതൽ നല്കണമേ./

അങ്ങയുടെ വിമലഹൃദയത്തിന്/ പ്രതിഷ്ഠിതരായ ഞങ്ങൾ/ പരിശുദ്ധരായി ജീവിക്കാനും/ പ്രേഷിതചൈതന്യത്തിൽ വളരാനും/ ഇടവരുത്തണമേ./

അമലോത്ഭവ കന്യകയായ പരിശുദ്ധ അമ്മേ,/ ഞങ്ങളുടെ പ്രതിഷ്ഠയെ/ കരുണാപൂർവ്വം സ്വീകരിച്ച്,/ അങ്ങയുടെ വിമലഹൃദയത്തിന്റെ/ മക്കളായ ഞങ്ങളെ/ കാത്തുകൊള്ളണമേ./

ആമ്മേൻ!

**കാർമ്മികനും ജനവും :** നന്മനിറഞ്ഞ മറിയമേ സ്വസ്തി....

## ആശീർവാദം

**കാർമ്മികൻ :** നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.

**ജനം :** ആമ്മേൻ

**സമാപനഗാനം :** 'പരിശുദ്ധരാജ്ഞി' എന്ന ജപം ഗാനരൂപത്തിൽ പാടുക.